ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ് - യുഎസ് സന്ദർശനത്തിന് നാളെ തുടക്കം. ഫ്രാൻസിൽ നിർമിതബുദ്ധി ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi's France-US Visit to Begin Tomorrow; Set to Join AI Summit in France.**

2. ചരിത്ര വിജയത്തോടെ ഡൽഹിയിൽ ബി ജെ പി അധികാരത്തിലേക്ക്; ഡൽഹി ജനതയ്ക്ക് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുമെന്ന് ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി. പരാജയം അംഗീകരിക്കുന്നതായി ആംആദ്മി പാർട്ടിയും കോൺഗ്രസ്സും.

   **BJP Comes to Power in Delhi with Historic Victory; Senior BJP leader and Prime Minister Narendra Modi promises world-class infrastructure for the people of Delhi; AAP and Congress Acknowledge Defeat.**

3. ന്യൂഡൽഹിയിൽ നടക്കുന്ന ലോക പുസ്തകമേളയ്ക്ക് ഇന്ന് സമാപനം; വ്യക്തിപരവും സാമൂഹികവുമായ വളർച്ചയിൽ പുസ്തകങ്ങൾ വഴികാട്ടികളെന്ന് ലോകസഭാ സ്പീക്കർ ഓം ബിർള.

   **The World Book Fair in New Delhi concludes today; Lok Sabha Speaker Om Birla says books are guides for personal and social growth.**

4. രാജ്യത്തെ ആരോഗ്യ മേഖലയുടെ പുരോഗതിക്ക് പിന്നിലെ ചാലക ശക്തിയായി ഫാർമസ്യൂട്ടിക്കൽ വ്യവസായ മേഖല മാറണമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

**Union Minister Piyush Goyal Urges Pharmaceutical Industry to Drive Progress in India's Healthcare Sector.**

5. കേരളത്തിൽ 130-ാമത് മാരാമൺ കൺവെൻഷന് ഇന്ന് തുടക്കം; ചെറുകോൽപുഴ ഹിന്ദുമത പരിഷത്ത് ഇന്ന് സമാപിക്കും.

**In Kerala, 130th Maramon Convention Begins Today ; Cherukolpuzha Hindu Convention to Conclude Today.**

6. ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**Second Match of India-England ODI Series Today.**

&&&&&&&&&&&&&&&&&&

## HEADLINE-1

### PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് നാളെ തുടക്കം. ഇരു ഇരുരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ സന്ദർശനം ഊന്നൽ നൽകും. ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷി ചർച്ചകളിലും പങ്കെടുക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും

ശ്രീ നരേന്ദ്രമോദി നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി യു എസിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&&

**PARIKSHA PE CHARCHA**

പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-ാാം പതിപ്പ് നാളെ. പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി പരീക്ഷാ സമ്മർദ്ദത്തെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പങ്കുവയ്ക്കുന്ന പരിപാടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് നടക്കുന്നത്. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകരും മാതാപിതാക്കളും പങ്കെടുക്കും. ഇതുവരെ 3.30 കോടിയിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE-2

**DELHI COUNTING**

ഡൽഹിയിൽ 27 വർഷങ്ങൾക്ക് ശേഷം ബി ജെ പി അധികാരത്തിലേക്ക്. 70 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 48 സീറ്റുകൾ സ്വന്തമാക്കിയാണ് ബി ജെ പി അധികാരം ഉറപ്പിച്ചത്. ഭരണകക്ഷിയായ ആം ആദ്മി പാർട്ടിയ്ക്ക് 22 സീറ്റുകൾ മാത്രമെ ലഭിച്ചുള്ളൂ. എ എ പി കൺവീനറും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാളും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയും അടക്കമുള്ള പ്രമുഖർ പരാജയപ്പെട്ടു. എന്നാൽ മുഖ്യമന്ത്രി അതീഷി മാർലേന കൽക്കാജി മണ്ഡലത്തിൽ നിന്ന് വിജയിച്ചു. തുടർച്ചയായ മൂന്നാം തവണയും കോൺഗ്രസിന് ഒരു സീറ്റിൽ പോലും വിജയിക്കാനായില്ല.

&&&&&&&&&&&&&&&&&&

**DELHI POLITICAL REAX (INTRO)**

***ഡൽഹിയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പുതിയ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുമെന്ന്***

***ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ബിജെപി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.***

***(വോയിസ് )***

***അതേസമയം, തെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടിയുടെ പരാജയം അംഗീകരിക്കുന്നതായും പാർട്ടി ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നും അരവിന്ദ് കെജ്‌രിവാൾ പ്രതികരിച്ചു.***

***(വോയിസ്...)***

***ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ മാറ്റത്തിനായി വോട്ട് ചെയ്തുവെന്ന് കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി പറഞ്ഞു. തെരഞ്ഞെടുപ്പ് ഫലം സംബന്ധിച്ച് പാർട്ടി പരിശോധിക്കുമെന്നും ശ്രീമതി പ്രിയങ്ക ഗാന്ധി പറഞ്ഞു.***

***(വോയിസ്....)***

**&&&&&&&&&&&&&&&&&&**

**NIRMALA SITARAMAN – IT BILL**

പുതിയ ആദായ നികുതി ബിൽ അടുത്തയാഴ്ച ലോക്സഭയിൽ അവതരിപ്പിച്ചേക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ന്യൂഡൽഹിയിൽ നടന്ന ആർ ബി ഐ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ടർമാരുടെ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ആറ് പതിറ്റാണ്ട് പഴക്കമുള്ള ആദായ നികുതി നിയമത്തിന് പകരമായാണ് പുതിയ ബില്ല് വരുന്നത്. ലോക്സഭയിൽ അവതരിപ്പിച്ചതിന് ശേഷം ബിൽ പാർലമെന്ററി സ്റ്റാൻറിംഗ് കമ്മിറ്റിയ്ക്ക് അയക്കും.

**&&&&&&&&&&&&&&&&&&**

**VAISHNAW WAVES SUMMIT**

ലോകത്തിന്റെ സർഗ്ഗാത്മക ശക്തിയായി മാറുന്നതിനുള്ള അടിത്തറ പാകുകയാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യയെ ആഗോള ഉള്ളടക്ക കേന്ദ്രമാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് ആദ്യ വേൾഡ് ഓഡിയോ വിഷ്വൽ എന്റർടൈൻമെന്റ് സമ്മിറ്റ്, വേവ്സ് 2025 ന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വേവ്സിൻ്റെ ഉപദേശക സമിതി യോഗം ചേർന്ന് പുരോഗതി വിലയിരുത്തിയതായും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-3

**LS SPEAKER BOOK FAIR**

വ്യക്തിപരവും സാമൂഹികവുമായ വളർച്ചയ്ക്ക് പുസ്തകങ്ങളാണ് യഥാർത്ഥ വഴികാട്ടികളെന്ന് ലോകസഭാ സ്പീക്കർ ഓം ബിർള. വെല്ലുവിളികളെ അതിജീവിക്കാനുള്ള പ്രചോദനത്തിന്റേയും ശക്തിയുടെയും ഉറവിടമായി പുസ്തകങ്ങളെ സ്വീകരിക്കണമെന്ന് അദ്ദേഹം യുവാക്കളോട് അഭ്യർത്ഥിച്ചു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ലോക പുസ്തകമേളയിൽ ഇന്നലെ രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു ശ്രീ ഓം ബിർള. മേള ഇന്ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-4

**Piyush Goyal,**

രാജ്യത്തെ ആരോഗ്യ മേഖലയുടെ പുരോഗതിക്ക് പിന്നിലെ ചാലക ശക്തിയായി ഫാർമസ്യൂട്ടിക്കൽ വ്യവസായ മേഖല മാറണമെന്നും ഗുണനിലവാരത്തിനും നൂതനത്വത്തിനും മുൻഗണന നൽകണമെന്നും കേന്ദ്ര വാണിജ്യ - വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. മുംബൈയിൽ ഇന്ത്യൻ ഡ്രഗ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ്റെ 63-ാം വാർഷിക ദിന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഫാർമസ്യൂട്ടിക്കൽ മേഖലയുടെ വികസനത്തിന് കേന്ദ്രസർക്കാർ

പ്രതിജ്ഞാബദ്ധമാണെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&

## KARNATAKA - ISRO

മറ്റൊരു രാജ്യത്തിനും കൈവരിക്കാൻ കഴിയാത്ത വേഗത്തിൽ ഇന്ത്യൻ ബഹിരാകാശ പദ്ധതി സുസ്ഥിര പുരോഗതി കൈവരിച്ചതായി ബഹിരാകാശ ഗവേഷണ സംഘടന ചെയർമാൻ ഡോ.വി.നാരായണൻ. ബെംഗളൂരുവിൽ എയ്റോ ഇന്ത്യ അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2028-ഓടെ ബഹിരാകാശത്തേക്കും 2035-ഓടെ ബഹിരാകാശ നിലയത്തിലേക്കും സഞ്ചാരികളെ അയക്കാനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യയെന്നും ISRO ചെയർമാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## KERALA SCIENCE AWARD

2023 ലെ കേരള ശാസ്ത്ര പുരസ്കാരം ഐ എസ് ആർ ഒ മുൻചെയർമാൻ എസ്.സോമനാഥിന്. തൃശ്ശൂരിൽ ശാസ്ത്ര കോൺഗ്രസ്സ് വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്.

&&&&&&&&&&&&&&&&&&

## WHO - KERALA

കേരളത്തിലെ ആദിവാസി മേഖലയിലെ ആരോഗ്യ ഇടപെടലുകൾക്ക് പിന്തുണയുമായി ലോകാരോഗ്യ സംഘടന. ആരോഗ്യ മന്ത്രി വീണാ ജോർജുമായി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയിലാണ് ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ ഇക്കാര്യമറിയിച്ചത്. സംസ്ഥാന തലത്തിൽ വികസിപ്പിക്കുന്ന ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് വേണ്ട

സാങ്കേതിക സഹായം ലോകാരോഗ്യ സംഘടന നൽകുമെന്ന് പ്രതിനിധികൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-5

### MARAMON CONVENTION

130-ാമത് മാരാമൺ കൺവെൻഷന് പത്തനംതിട്ട മാരാമൺ പമ്പാ നദിക്കരയിൽ ഇന്ന് തുടക്കമാകും. ഉച്ചയ്ക്ക് 2.30 ന് മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചടങ്ങുകൾ ഉദ്ഘാടനം ചെയ്യും. അതേസമയം 113-ാമത് ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു ഇന്ന് സമാപനമാകും. പമ്പയിൽ ഇന്ന് വൈകിട്ട് മഹാ ആരതിയും പുണ്യസ്നാനവും നടക്കും.

&&&&&&&&&&&&&&&&&&

### GEORGE KURIAN – RAILWAY

കൊല്ലം പരവൂരിൽ സ്റ്റോപ് അനുവദിച്ച കന്യാകുമാരി - പുനലൂർ ട്രെയിനിന് സ്റ്റേഷനിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. കേന്ദ്ര ബജറ്റിൽ വകയിരുത്തിയ 3024 കോടി ഉൾപ്പടെ ആകെ പതിനായിരം കോടി രൂപയുടെ റെയിൽവേ വികസന പ്രവർത്തനങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്ന് ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു. എൻ. കെ. പ്രേമചന്ദ്രൻ എം. പി, ജി. എസ്. ജയലാൽ എം.എൽ.എ. തുടങ്ങിയവർ സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&

### NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിൽ 42 സ്വർണ്ണവുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. കർണാടകം രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 34 മെഡലുകളുമായി കേരളം മെഡൽ പട്ടികയിൽ പത്താം സ്ഥാനത്താണ്. ഇന്നലെ തായ്ക്വോണ്ടോയിൽ കേരളത്തിന്റെ മാർഗരറ്റ് മരിയ റെജി സ്വർണം നേടി. ഇന്ന് വനിതകളുടെയും പുരുഷൻമാരുടെയും 400 മീറ്റർ, 4 x 100 വിഭാഗങ്ങളിലെ ഫൈനലിൽ കേരളം ഇന്നിറങ്ങും.

&&&&&&&&&&&&&&&&&&

## HEADLINE-6

### IND VS ENG ODI

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ഉച്ചയ്ക്ക് 1.30ന് ഒഡീഷയിലെ ബാരാബതി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു ജയം. പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഈ മാസം 12ന് നടക്കും.

&&&&&&&&&&&&&&&&&&

### ISRAEL AIR STRIKE SYRIA

തെക്കൻ സിറിയൻ പട്ടണമായ ദേർ അലിയിൽ ഹമാസിന്റെ ആയുധ സംഭരണ കേന്ദ്രത്തിലേക്ക് ഇസ്രായേൽ ആക്രമണം നടത്തി. പ്രദേശത്ത് ഹമാസിനെ പ്രതിരോധിക്കുന്നത് തുടരുമെന്ന് ഇസ്രായേൽ സൈനിക വൃത്തങ്ങൾ അറിയിച്ചു. അതേസമയം, ഗസ വെടിനിർത്തൽ ഉടമ്പടി പ്രകാരം തടവുകാരുടെ കൈമാറ്റം ഇസ്രയേലും ഹമാസും തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&